# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 571** **02/12/2014- ൽ മറുപടി പറയേണ്ടിയിരുന്നത്**

**തുണിത്തരങ്ങളുടെ വിറ്റുവരവ് -ടേൺഓവർ ടാക്സ്**

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തുണിത്തരങ്ങളുടെ വിറ്റുവരവിൻ മേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയത് ഏതു തീയതി മുതലാണെന്നും ഇത് വഴി തന്നാണ്ടിൽ എത്ര കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 01.04.2014 മുതലാണ് ടെക്സ്റ്റൈൽ ഇനങ്ങളുടെ മേൽ 2 ശതമാനം ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 100 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഈ വർഷത്തിന്റെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച അധിക വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2014-15 വർഷത്തിന്റെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ 27.65 കോടി രൂപ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ടേണോവർ ടാക്സ് വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നും നൽകേണ്ടതുണ്ടോ; ഉപഭോക്താക്കളിൽ നിന്നും ഇത് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | രണ്ട് ശതമാനം ടേണോവർ ടാക്സ് ഉപഭോക്താക്കളിൽ നിന്നും പിരിയ്ക്കുവാൻ വാറ്റ് നിയമത്തിൽ വ്യാപാരികൾക്ക് അനുമതി നൽകിയിട്ടില്ല. അപ്രകാരം നികുതി പിരിച്ചതു സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**